II. തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): 11-ാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 5-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത 875-ാം നമ്പർ ചോദ്യത്തിന് റവന്യൂ വകുപ്പിൽ നിന്നും ഗതാഗത വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി 9.30 a.m.] നിയമസഭയ്ക്കു നൽകിയിരുന്നു. അതിൽ തെറ്റുപറ്റിയിരിക്കുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു. ഗതാഗത വകുപ്പിൽനിന്നു 5-7-2004 ൽ 513-ാം നമ്പർ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച മറുപടി ഞാൻ പിൻവലിക്കുന്നു.

III. അനുശോചനം

കുംഭകോണം സ്കൂൾ ദുരന്തം

മി. ഡെപ്യൂട്ടി സ്പീക്കർ: കഴിഞ്ഞ വെള്ളിയാഴ്ച തമിഴ്നാട്ടിലെ കുംഭകോണത്തുള്ള സരസ്വതി പ്രൈമറി സ്ക്കൂളിൽ 90 കുട്ടികൾ വെന്തുമരിച്ച സംഭവം മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിച്ച ഒരു ദുരന്തമാണ്. നിലവിലുള്ള ചട്ടങ്ങളെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് നിർമ്മിച്ച സ്ക്കൂൾ കെട്ടിടത്തിന്റെ കോണിപ്പടികൾക്ക് വീതിയുണ്ടയിരുന്നില്ല. ആവശ്യമായ സുരക്ഷാ സംവിധാനങ്ങളും ഉണ്ടായിരുന്നില്ല. അദ്ധ്യാപകരുടേയും ആയമാരുടേയും അജ്ഞതയും അനാസ്ഥയും അപകടത്തിന്റെ തീവ്രത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നതിനിടയിലാണ് അഗ്നിബാധയുണ്ടായത് എന്ന വസ്തുത അവിടെ പഠിക്കുന്ന കുട്ടികളുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നുണ്ട്. വെന്തുകരിഞ്ഞ മക്കളുടെ ശവശരീരങ്ങൾക്കിടയിൽ നിസ്സഹായരായി വാവിട്ട് കരയുന്ന അച്ഛനമ്മമാരുടെ ദൃശ്യം അത്യന്തം ഹൃദയ ഭേദകമായിരുന്നു. നൂറുകണക്കിനു കൊച്ചുകുട്ടികൾ പഠിക്കുന്ന പൊതു സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ ചുമതലയുള്ളവർ കൃത്യവിലോപമോ അഴിമതിയോ കാട്ടിയതുമൂലമാണ് നാടിനെ നടുക്കിയ ഈ സംഭവം ഉണ്ടായത് എന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല; ഈ ദുരന്തത്തിൽ ധർമ്മബോധമുള്ള ഓരോ പൗരനും ലജ്ജിച്ച് തലകുനിക്കേണ്ടതാണ്. പതിവിൻപടി നടക്കുന്ന രക്ഷാപ്രവർത്തനങ്ങളും സഹായ വാഗ്ദാനങ്ങളും മാതാപിതാക്കൾക്കുണ്ടായ നഷ്ടം പരിഹരിക്കാനാവില്ല. മേലിൽ ഇത്തരം ദാരുണ സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള കരുതൽ നടപടികളാണ് ഇനി ആവശ്യം. അപകടം ഉണ്ടായത് അയൽപക്കത്താണെങ്കിലും അലംഭാവം ഉണ്ടായാൽ അത് എവിടേയും ആവർത്തിക്കാം എന്ന സൂചന എല്ലാവർക്കും ബാധകമാണെന്ന് ഓർമ്മപ്പെടുത്താൻ ചെയർ ഈ സന്ദർഭം വിനിയോഗിക്കുന്നു. അകാലത്തിൽ പൊലിഞ്ഞുപോയ ആ നിഷ്ക്കളങ്കാത്മാക്കളുടെ മുന്നിൽ അന്ത്യാഞ്ജലി അർപ്പിക്കുകയും ആശുപത്രിയിൽ കഴിയുന്ന കുട്ടികൾ എത്രയും വേഗം സുഖം പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതോടൊപ്പം അവരുടെ അച്ഛനമ്മമാർക്കുണ്ടായ അടങ്ങാത്ത ദുഃഖത്തിൽ ഈ സഭ പങ്കുചേരുകയും ചെയ്യുന്നു. ദുഃഖസൂചകമായി നമുക്ക് അൽപ സമയം എഴുന്നേറ്റ് നിൽക്കാം.

(മരണപ്പെട്ട കുട്ടികളോടുള്ള ദുഃഖസൂചകമായി സഭാംഗങ്ങൾ അൽപ്പ സമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly